# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2074

07.07.2015 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ സാമ്പത്തികസ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കേപ്പ് സാമ്പത്തിക തകർച്ചയിലാണോ; ആണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; കേപ്പിന്റെ പൊതു സാമ്പത്തികസ്ഥിതി വിശദമാക്കാമോ; | (എ) | അല്ല. 2014-15 ഓഡിറ്റ് ചെയ്യാത്ത വരവ് ചെലവ് കണക്കുകൾ പ്രകാരം കേപ്പിന്റെ റവന്യൂ വരവ് 52.81 കോടി രൂപയും റവന്യൂ ചെലവ് 48.35 കോടി രൂപയും ആയിരുന്നു. 4.46 കോടി റവന്യൂ മിച്ചം ഉണ്ടായിരുന്നു എങ്കിലും കെട്ടിടങ്ങൾ ഉൾപ്പെടെ പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടി 16.71 കോടി രൂപ ചെലവാക്കേണ്ടി വന്നു. 11.33 കോടി രൂപ സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചതുകൊണ്ട് മൊത്തം കമ്മി 0.92 കോടി രൂപയായി കുറഞ്ഞു. |
| (ബി) | കേപ്പിലെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകാൻ എന്തു തുക വേണ്ടിവരും, വ്യക്തമാക്കാമോ; | (ബി) | ഒരു മാസം ശമ്പളം നൽകാനായി ശരാശരി 3 കോടി രൂപ വേണ്ടി വരും. |

| | | |
|---|---|---|
| (സി) | കേപ്പിലെ ജീവനക്കാർക്ക് 2015 മേയ് മാസത്തെ ശമ്പളം നല്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; ഇതിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തിയത്, വ്യക്തമാക്കുമോ? | (സി) 2015 മെയ് മാസത്തെ ശമ്പളം 08.06.2015 ൽ നൽകിയിട്ടുണ്ട്. കേപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് ശമ്പളം നൽകിയത്. |
| (ഡി) | കേപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് വായ്പയും ഓവർഡ്രാഫ്റ്റും എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) യും (ഇ) യും നബാർഡിൽ നിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 5.50 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 84.68 കോടി രൂപ പലിശ ഉൾപ്പെടെ ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ അടയ്ക്കുവാനായി അവശേഷിക്കുന്നുണ്ട്. |
| (ഇ) | വായ്പയും ഓവർ ഡ്രാഫ്റ്റും എടുത്ത വകയിൽ എന്തു തുക ഇനിയും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കുവാനുണ്ട്; | |
| (എഫ്) | കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര സീറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ട്; പ്രസ്തുത സീറ്റുകളിൽ അഡ്മിഷൻ നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എഫ്) മെരിറ്റ്-മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് എൻട്രൻസ് കമ്മീഷണർ നടത്തിയ അലോട്ട്മെന്റിനും എൻ.ആർ.ഐ അഡ്മിഷൻ, സ്പോട്ട് അഡ്മിഷൻ ഇന്റർ കോളേജ് ട്രാൻസ്ഫർ എന്നിവയ്ക്കുശേഷം 584 സീറ്റുകൾ കേപ്പിന്റെ കീഴിലുള്ള കോളേജുകളിൽ 2014-15 അധ്യായന വർഷം ഒഴിഞ്ഞു കിടപ്പുണ്ട്. എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റ് വഴി കേപ്പ് എഞ്ചിനീയറിംഗ് കോളേജിലെ മുഴുവൻ സീറ്റുകളിലേയ്ക്കും (മെരിറ്റും/മാനേജ്മെന്റും) കുട്ടികളെ സാധാരണ ലഭിക്കാറില്ല. കൂടാതെ കേപ്പിന്റെ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾ സ്വന്തം വീട്ടിനടുത്തുള്ള കോളേജുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ വഴി അഡ്മിഷൻ എടുത്ത് പോകുന്നതും കൂടുതൽ സീറ്റുകൾ ഒഴിവാകുന്നതിനും കാരണമാകുന്നു. |

| | | |
|---|---|---|
| (ജി). | കൊച്ചി സഹകരണ (ജി) മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെയുള്ള ജീവനക്കാരുടെ ശമ്പളം, നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കേപ്പ് എത്ര കോടി രൂപ ചെലവഴിച്ചു; വിശദമാക്കാമോ? | കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം തിരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സർക്കാർ ഉത്തരവനുസരിച്ച് 13,18,45,161/- രൂപ മെഡിക്കൽ കോളേജിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ